I/211820/2024

ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

**നമ്പർ: LSGD/PD/6478/2024-DED1** **തീയതി: 21-02-2024**

## സർക്കുലർ

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ്- പ്രിൻസിപ്പൽ ഡയറക്ടറേറ്റ്- ഓൺലൈൻ പൊതുസ്ഥലമാറ്റം 2024 -ജീവനക്കാരുടെ ഇൻകുമ്പൻസി വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ- പുറപ്പെടുവിക്കുന്നു.

സൂചന: 1. സ.ഉ(കൈ) നം. 79/2023/LSGD, തീയതി 22.03.2023

2023 ലെ പൊതു സ്ഥലംമാറ്റത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ ഇൻകുമ്പൻസി വിവരങ്ങൾ ജനറൽ ട്രാൻസ്ഫർ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിരുന്നു. പൊതുസ്ഥലം മാറ്റത്തിന്റെ ഭാഗമായും അതിനു ശേഷം നടത്തിയിട്ടുള്ള സ്ഥലംമാറ്റങ്ങളുടെയും സ്ഥാനക്കയറ്റങ്ങളുടെയും ഭാഗമായും വന്നിട്ടുള്ള മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി ഇൻകുമ്പൻസി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. കൂടാതെ സർക്കാർ നിയമനാധികാരി/സ്ഥലംമാറ്റ അധികാരിയായിട്ടുള്ള തസ്തികകളിലെയും ഇൻകുമ്പൻസി വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇൻകുമ്പൻസി വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനുമുള്ള സൗകര്യം ഇൻഫർമേഷൻ കേരള മിഷൻ ലഭ്യമാക്കിയിട്ടുണ്ട് .

മേൽ സാഹചര്യത്തിൽ ജീവനക്കാരുടെ ഇൻകുമ്പൻസി വിവരങ്ങൾ ജനറൽ ട്രാൻസ്ഫർ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച് ചുവടെ പറയും പ്രകാരമുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. *https://lsgdgeneraltransfer.lsgkerala.gov.in/* എന്ന U.R.L ഉപയോഗിച്ച് ജനറൽ ട്രാൻസ്ഫർ സോഫ്റ്റ്‌വെയറിൽ പ്രവേശിക്കേണ്ടതാണ്.
2. തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ ഓഫീസ് മേധാവികൾക്കും അവരവർക്ക് അനുവദിച്ച നൽകിയിട്ടുള്ള യൂസർനെയിമും പാസ്സ്‌വേർഡും ഉപയോഗിച്ച് സോഫ്റ്റ്‌വെയറിൽ പ്രവേശിക്കാവുന്നതാണ്.
3. സോഫ്റ്റ്‌വെയറിൽ ഇൻകുമ്പൻസി വിവരങ്ങൾ രേഖപ്പെടുത്തുന്നതിലേക്കായി **ഓപ്പറേറ്റർ (Operator)**, വിവരങ്ങൾ പരിശോധിക്കുന്നതിലേക്കായി **വെരിഫൈയർ (Verifier)** എന്നിവർക്ക് നൽകിയിട്ടുള്ള ലോഗിനുകൾ ഓഫീസ് മേലധികാരി സോഫ്റ്റ്‌വെയറിൽ റീസെറ്റ് ചെയ്തു നല്കേണ്ടതും ആവശ്യമായ പ്രിവിലേജുകൾ അനുവദിച്ച നൽകേണ്ടതുമാണ്. പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് Operator,

Verifier എന്നീ ചുമതലകൾ നൽകി Internal Establishment വിഭാഗത്തിന്റെ ചുമതല ഉള്ള ജോയിൻ്റ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ജീവനക്കാർക്ക് യൂസർനെയിമും പാസ്സ്‌വേർഡും റീസെറ്റ് ചെയ്തു നല്കേണ്ടതുമാണ്.

4. നിലവിൽ ഓരോ ഓഫീസിലും സേവനമനുഷ്ഠിക്കുന്ന എല്ലാ (ഗസറ്റഡ്, നോൺ ഗസറ്റഡ്, കണ്ടിൻജന്റ് വിഭാഗങ്ങൾ ഉൾപ്പെടെ) ജീവനക്കാരുടെയും (അവധി, അന്യത്രസേവനം, സസ്പെൻഷൻ, അനധികൃത ഹാജരില്ലായ്മയിൽ ഉൾപ്പെടെ ഉള്ളവരുടെ) വിവരങ്ങൾ ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന **ക്ലർക്ക്** (Operator) സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തേണ്ടതാണ്. ആയത് **സൂപ്പർവൈസർ കേഡറിലുള്ള ഉദ്യോഗസ്ഥൻ** (Verifier) പരിശോധിക്കേണ്ടതും **ഓഫീസ് മേലധികാരി** (Approver) ആയത് പരിശോധിച്ച് അംഗീകരിക്കേണ്ടതുമാണ്. നിലവിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളവരുടെ ഇൻകുമ്പൻസി പരിശോധിച്ച് ആവശ്യമായ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും വരുത്തി കാലികമാക്കി അപ്രൂവ് ചെയ്യേണ്ടതാണ്. നിലവിൽ ഇൻകുമ്പൻസി വിവരങ്ങൾ രേഖപ്പെടുത്താത്ത ജീവനക്കാരുടെ വിവരങ്ങൾ പുതുതായി ചേർത്ത് അപ്രൂവ് ചെയ്യേണ്ടതാണ്.

5. ഈ പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്കായി ജീവനക്കാരെ ചുമതലപ്പെടുത്തി ഓഫീസ് മേലധികാരികൾ പ്രത്യേക ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും വിവരങ്ങൾ രേഖപ്പെടുത്തുന്ന പ്രവർത്തനം **2024 ഫെബ്രുവരി 28 ന** പൂർത്തീകരിക്കേണ്ടതുമാണ്. ആയതു അതത് ഓഫീസ് മേലധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

6. തദ്ദേശ സ്വയംഭരണ വകുപ്പിലെ സ്ഥലംമാറ്റ പരിധിയിൽ വരുന്ന (ഗസറ്റഡ്, നോൺ ഗസറ്റഡ്, കണ്ടിൻജന്റ് വിഭാഗങ്ങൾ ഉൾപ്പെടെ) എല്ലാ തസ്തികകളിലെയും ജീവനക്കാരുടെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നു അതത് ഓഫീസ് മേലധികാരി ഉറപ്പുവരുത്തേണ്ടതാണ്.

7. സ്ഥലംമാറ്റം / സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ വിവരങ്ങൾ അവരെ സ്ഥലംമാറ്റം / സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള ഓഫീസിൽ നിന്നുമാണ് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തേണ്ടത്. ആയതിലേക്കായി ഇൻകുമ്പൻസി വിവരങ്ങൾ രേഖപ്പെടുത്തേണ്ട അവസാന തീയതിക്ക് മുൻപായി സ്ഥലംമാറ്റം / സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള ഓഫീസിൽ ജോലിയിൽ പ്രവേശിച്ച് ഇൻകുമ്പൻസി വിവരങ്ങൾ ടി ഓഫീസിൽ നിന്നും രേഖപ്പെടുത്തുന്നു എന്ന് ഉറപ്പാക്കേണ്ടത് അതത് ജീവനക്കാരുടെ ഉത്തരവാദിത്തം ആയിരിക്കുന്നതാണ്. മേൽ പറഞ്ഞ പ്രകാരം വിവരങ്ങൾ രേഖപ്പെടുത്തുന്നു എന്ന് അതത് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. ആയതിനു വിരുദ്ധമായി നിലവിലെ ഓഫീസുകളിൽ നിന്നും വിവരങ്ങൾ രേഖപ്പെടുത്തുന്ന പക്ഷം ആയതു ചുമതലപ്പെട്ട ഓഫീസ് മേലധികാരികളുടെയും ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെയും വീഴ്ചയായി കണക്കാക്കുന്നതാണ്.

8. ഗ്രാമപഞ്ചായത്തുകളിലെ എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II (VEO Gr II), എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I (VEO Gr I), ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, സീനിയർ ക്ലർക്ക് /ക്ലർക്ക്( എഞ്ചിനീയറിംഗ് വിഭാഗം) എന്നീ തസ്തികകളുടെ സ്ട്രെങ്ത് അതതു ഗ്രാമപഞ്ചായത്തുകളുടെ സ്ട്രെങ്ങ്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തു സെക്രട്ടറിമാർ ടി സ്ട്രെങ്ത് സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതാണ്. ഇത്തരത്തിൽ ചേർത്തിട്ടുള്ള സ്ട്രെങ്ങ്തിലേക്ക് ടി തസ്തികകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ സേവനപുസ്തകം സൂക്ഷിക്കുന്ന ഓഫീസ് മേലധികാരി ഇൻകുമ്പൻസി വിവരങ്ങൾ ചേർത്ത് അപ്പ്രൂവ് ചെയ്യേണ്ടതാണ്.

9. സ.ഉ.(സാധാ) നം.1803/2023/LSGD തീയതി 12.09.2023 പ്രകാരം പുനർവിന്യസിക്കപ്പെട്ടിട്ടുള്ള തസ്തികകൾ അതത് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ ലീൻ നിലനിർത്തിക്കൊണ്ടു പൊതു സ്ഥലംമാറ്റ ആവശ്യത്തിലേക്കായി പുനർവിന്യസിക്കപ്പെട്ട ഗ്രാമ പഞ്ചായത്ത് / ഓഫീസിന്റെ സ്റ്റേങ്ങ്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ടി തസ്തികകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ സേവനപുസ്തകം സൂക്ഷിക്കുന്ന ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ നിന്നും ഇൻകുമ്പൻസി വിവരങ്ങൾ ടി സ്റ്റേങ്ങ്തിൽ ചേർത്ത് അപ്പ്രൂവ് ചെയ്യേണ്ടതാണ്.

10. യഥാസമയം ഇൻകുമ്പൻസി വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കാത്തത് മൂലം ഏതെങ്കിലും ജീവനക്കാരൻ/ജീവനക്കാരി സ്ഥലംമാറ്റത്തിനു അപേക്ഷിക്കുവാൻ കഴിയാതിരിക്കുകയോ, സ്ഥലംമാറ്റം ലഭിക്കാതിരിക്കുകയോ, നിർബന്ധിത സ്ഥലംമാറ്റത്തിന്റെ പരിധിയിൽ വരുന്ന (3 വർഷം പൂർത്തിയാക്കിയ ജീവനക്കാർ) ജീവനക്കാർ സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാകുകയോ ചെയ്യുന്ന പക്ഷം അതത് ഓഫീസ് മേലധികാരിയും ഇൻകുമ്പൻസി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും, പരിശോധിക്കുന്നതിനും ചുമതലപ്പെട്ട ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കുന്നതാണ്. അത്തരം ജീവനക്കാർക്കെതിരെ കർശനമായ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

11. ഇൻകുമ്പൻസി വിവരങ്ങൾ അപ്രൂവ് ചെയ്യുന്ന മുറക്ക് ആയതു അതത് ജീവനക്കാരുടെ ലോഗിനിൽ ലഭ്യമാകുന്നതാണ്. എല്ലാ ജീവനക്കാരും സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള ഇൻകുമ്പൻസി വിവരങ്ങൾ തങ്ങളുടെ ലോഗിനിൽ പരിശോധിച്ച് രേഖപ്പെടുത്തലുകളുടെ ആധികാരികത ഉറപ്പ് വരുത്തേണ്ടതും അപാകതകൾ കാണുന്ന പക്ഷം ആയത് പരിഹരിക്കുന്നതിനായി **2024 മാർച്ച് 1 നകം** ആവശ്യമായ രേഖകൾ സഹിതം ഓഫീസ് മേലധികാരിയ്ക്ക് രേഖാമൂലം അപേക്ഷ നൽകേണ്ടതുമാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾക്കു ഓഫീസ് മേലധികാരി കൈപ്പറ്റ് രസീത് നൽകേണ്ടതും അപേക്ഷകൾ ഉടൻ പരിശോധിച്ച തിരുത്തലുകൾ ആവശ്യമുള്ള പക്ഷം ആയതു **2024 മാർച്ച് 2 നകം** സോഫ്റ്റ് വെയറിൽ വരുത്തി അപ്രൂവ് ചെയ്യേണ്ടതുമാണ്. <u>യഥാസമയം ഇൻകുമ്പൻസി വിവരങ്ങൾ പരിശോധിച്ച് അപാകതകൾ രേഖാമൂലം മേലാധികാരിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്ത ജീവനക്കാരുടെ ഇൻകുമ്പൻസി വിവരങ്ങൾ സംബന്ധമായ ആക്ഷേപങ്ങൾ സ്ഥലംമാറ്റ പ്രക്രിയയുടെ തുടർന്നുള്ള ഒരു ഘട്ടത്തിലും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.</u> യഥാസമയം തിരുത്തൽ വരുത്തുന്നതിനുള്ള അപേക്ഷ ലഭ്യമായിട്ടും ആവശ്യമായ തിരുത്തലുകൾ വരുത്താത്ത പക്ഷം, ആയത് ഓഫീസ് മേലധികാരിയുടെ വീഴ്ചയായി കണ്ട് കർശനമായ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

12. പൊതു സ്ഥലംമാറ്റത്തിന് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സൗകര്യം **2024 മാർച്ച്** 2 ന ശേഷം സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്നതാണ്. ഇൻകുമ്പൻസി അപ്രൂവ് ചെയ്തിട്ടുള്ള ജീവനക്കാർക്ക് മാത്രമേ ഓൺലൈനായി സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിനുള്ള സൗകര്യം ലഭ്യമാകുകയുള്ളു. കൂടാതെ ഓൺലൈനായി അപേക്ഷ നൽകുന്ന സമയം രേഖപ്പെടുത്തിയിട്ടുള്ള ഇൻകുമ്പൻസി വിവരങ്ങൾ പരിശോധിച്ച ശരിയാണെന്നു ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന ഡിക്ലറേഷൻ കൂടി സോഫ്റ്റ്‌വെയറിൽ എല്ലാ ജീവനക്കാരും നൽകേണ്ടതാണ്.

13. ഇൻകുമ്പൻസി വിവരങ്ങൾ ചേർക്കുന്നതും അപ്ഡേറ്റ് ചെയ്യുന്നതും സംബന്ധിച്ച വിശദമായ Read me അനുബന്ധമായി ചേർക്കുന്നു.

I/211820/2024

M.G. RAJAMANICKAM IAS
PRINCIPAL DIRECTOR

ഉള്ളടക്കം : വിവരങ്ങൾ ചേർക്കുന്നതും അപ്ഡേറ്റ് ചെയ്യുന്നതും സംബന്ധിച്ച വിശദമായ Read me

പകർപ്പ്

1. ഡയറക്ടർ (അർബൻ ) ന്റെ സി എ ക്ക്
2 അഡീഷണൽ ഡയറക്ടർ (DE) ടെ സി എ ക്ക്
3 എല്ലാ ജില്ലാ ജോയിൻ്റ് ഡയറക്ടർമാർക്കും
4 വകുപ്പിലെ എല്ലാ ഓഫീസ് മേധാവികൾക്കും (ജില്ലാ ജോയിൻ്റ് ഡയറക്ടർമാർ മുഖേന )
5 ജോയിന്റ് ഡയറക്ടർ( Internal Establishment)
6 സീനിയർ സൂപ്രണ്ട് DEA & നോഡൽ ഓഫീസർ ജനറൽ ട്രാൻസ്ഫർ
7 സീനിയർ സൂപ്രണ്ട് ( Internal Establishment)
8 എസ്റ്റാബ്ലിഷ് മെന്റ് വിഭാഗത്തിലെ എല്ലാ സീനിയർ സൂപ്രണ്ട് മാർക്കും / ജൂനിയർ സൂപ്രണ്ട് മാർക്കും
9 കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
M.g. rajamanickam Ias
Date: 21-02-2024 19:57:21

